# സി.എ.എൽ.പി.സ്കൂൾ

# വെങ്ങിണിശ്ശേരി



C.A.L.P.S
VENGINISSERY

Headmistress
C. A. L. P. School
VENGINISSERY

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും . എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്നു കരുതുന്നു .അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും.പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയമികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് ഈ വിദ്യാലയം. അതിനു കരുത്തു പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്.

# പൊതുലക്ഷ്യങ്ങൾ

1.വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന ഉറപ്പുവരുത്തുക.

2.എല്ലാ കുട്ടികളും എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുക.

3.കുട്ടികളുടെ അഭിരുചി കണ്ടെത്തി പരിശീലനം നൽകൽ.

4.ജൈവവൈവിധ്യ വിദ്യാലയമാക്കി മാറ്റുക.

5.കുട്ടികളുടെ അപകർഷതാബോധം ഒഴിവാക്കി നിർഭയമായി വിദ്യാലയപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ.

6.ശുചിത്വം ,മാലിന്യനിർമാർജ്ജനം ,വേസ്റ്റ് മാനേജ്മെന്റ്, പ്ലാസ്റ്റിക് നിരോധനം എന്നിവ കൃത്യമായി നടപ്പാക്കൽ.

7.കൃഷിപരിപാലനം ,ഔഷധത്തോട്ടം എന്നിവയ്ക്കായി മികച്ച വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

# അക്കാദമികം

**നേട്ടങ്ങൾ**

- മികവുറ്റ അധ്യാപകസമൂഹം.
- പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് വ്യക്തിഗത പിന്തുണ.
- സർഗവേളകൾ ,ബാലസഭ എന്നിവയ്ക്ക് നൽകുന്ന പ്രാധാന്യം.
- പാഠ്യേതര പ്രവർത്തനങ്ങൾ,ദിനാചരണങ്ങൾ എന്നിവ മികച്ച രീതിയിൽ നടപ്പിലാക്കുന്നു.
- ജൈവവൈവിധ്യ അന്തരീക്ഷം പ്രദാനം ചെയ്യൽ.
- ചിത്രരചന,പ്രവൃത്തി പരിചയം,കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം.
- മികച്ച കെട്ടിടസമുച്ചയം.
- LSS പരീക്ഷയിൽ കുട്ടികൾക്ക് മികച്ച പരിശീലനം നൽകൽ.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക അക്ഷരക്ലാസ്സുകൾ.
- മാലിന്യമുക്ത വിദ്യാലയം.
- സമ്പൂർണ പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.
- IED വിദ്യാർത്ഥികൾക്ക് മികച്ച പിന്തുണ.

**പരിമിതികൾ**

- മുഴുവൻ വിദ്യാർത്ഥികൾക്കും ഭാഷാശേഷി കൈവരിക്കാൻ സാധിച്ചിട്ടില്ല.
- ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ IT അധിഷ്ഠിത പഠനം നടപ്പിലാക്കാൻ എപ്പോഴും സാധിക്കാറില്ല.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഴുവനായും മുന്നോട്ടു കൊണ്ടുവരാൻ സാധിച്ചിട്ടില്ല.
- മത്സരപരീക്ഷകളിൽ കുട്ടികൾ ഒന്നുകൂടി മെച്ചപ്പെടേണ്ടതായിട്ടുണ്ട് .
- ഗണിതത്തിലെ അടിസ്ഥാന ശേഷികൾ കൈവരിക്കാൻ മുഴുവൻ കുട്ടികൾക്കും സാധിച്ചിട്ടില്ല.

# പ്രവർത്തനങ്ങൾ

## മലയാളം

1. <u>ലക്ഷ്യം :- കുട്ടികളിൽ വായനാശീലം വളർത്തുക .</u>

പ്രവർത്തനം :- ക്ലാസ്സുകളിൽ ലൈബ്രറി ഒരുക്കുന്നു .'പിറന്നാൾ സമ്മാനം ' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു .വായനാ മൂല ഒരുക്കുന്നു .

കാലയളവ് :- ജൂൺ മുതൽ മാർച്ച് വരെ

ചുമതല :-ക്ലാസ് ടീച്ചർ

2.<u>ലക്ഷ്യം :- അർത്ഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു.</u>

പ്രവർത്തനം 1:-എല്ലാ ദിവസവും അസംബ്ലിയിലും ക്ലാസ്സിലും വാർത്തകൾ വായിക്കുന്നു.

കാലയളവ് :-ജൂൺ മുതൽ മാർച്ച് വരെ .

ചുമതല :- ക്ലാസ് ടീച്ചർ .

പ്രവർത്തനം 2:- 1,2 ക്ലാസ്സിലെ കുട്ടികൾക്ക് വായനാ കാർഡ് നൽകൽ,3,4 ക്ലാസ്സിലെ വിദ്യാർത്ഥികൾ വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനാകുറിപ്പ് തയ്യാറാക്കൽ .

കാലയളവ് :- ജൂൺ മുതൽ മാർച്ച് വരെ .

ചുമതല :- ക്ലാസ് ടീച്ചർ .

3.<u>ലക്ഷ്യം :- സർഗ്ഗാത്മക രചനകൾക്ക് അവസരം ഒരുക്കൽ .</u>

പ്രവർത്തനം :- ചുമർപത്രം ,കയ്യെഴുത്ത് മാസിക എന്നിവ തയ്യാറാക്കൽ, രചനോത്സവം സംഘടിപ്പിക്കൽ

കാലയളവ് :- ഓരോ ടേമിലും .

ചുമതല :- ഭാഷാ ക്ലബ് .

4.ലക്ഷ്യം :- ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കൽ

പ്രവർത്തനം :- വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ,പഠനോത്സവം .

## ENGLISH

1.<u>Objective:- To improve English writing.</u>

Activity:- Writing experiences.

Duration:- One day in a week.

Designation:- Class teacher

2.<u>Objective:- Providing opportunities for English expressions.</u>

Activity:- English Assembly,Make notes on any topic of each month,News reading.

<u>3.All children become proficient in the English language.</u>

Activity :- Providing special worksheets for disadvantaged children, implementing Hello English activities,presenting English skits in Balasabha.

Duration :- July - March

## പരിസരപഠനം

<u>ലക്ഷ്യം :- ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക, ശാസ്ത്രബോധം,ശാസ്ത്രീയ മനോഭാവം വളർത്തുക.</u>

പ്രവർത്തനങ്ങൾ :- പരീക്ഷണനിരീക്ഷണങ്ങൾക്കനുസരിച്ചുള്ള ശില്പശാലകൾ സംഘടിപ്പിക്കൽ ,അസംബ്ലിയിൽ ആഴ്ചയിൽ ഒരു ദിവസം പരീക്ഷണങ്ങൾ അവതരിപ്പിക്കൽ, പരീക്ഷണക്കുറിപ്പ് തയാറാക്കൽ,പരീക്ഷണകിറ്റുകൾക്കാവശ്യമായ വസ്തുക്കൾ ശേഖരിക്കൽ ,ശാസ്ത്രീയമനോഭാവം വളർത്താനുതകുന്ന രീതിയിലുള്ള ഡോക്യുമെന്റേഷൻ പ്രദർശിപ്പിക്കൽ.

കാലയളവ് :- ജൂൺ - മാർച്ച്

## ഗണിതം

<u>ലക്ഷ്യം :- അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക</u>

പ്രവർത്തനങ്ങൾ :- ഗണിതലാബ് തയാറാക്കൽ ,ഗണിതമൂല, ഗണിതകളികൾ എന്നിവ തയാറാക്കൽ,ഉല്ലാസഗണിതം , ഗണിതവിജയം എന്നിവയിൽ പങ്കെടുക്കൽ

കാലയളവ് :- ജൂൺ

ചുമതല :- ക്ലാസ്സ് ടീച്ചർ

<u>ലക്ഷ്യം :- ഓരോ ക്ലാസ്സിലും നേടേണ്ട ഗണിതശേഷി നേടി എന്നുറപ്പാക്കൽ</u>

പ്രവർത്തനം :- യൂണിറ്റ് ടെസ്റ്റ് നടത്തി ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് പരിഹാരബോധനം നല്കുന്നു . ആവശ്യമായ തുടർപ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുന്നു.

<u>ലക്ഷ്യം :- ഗണിതാഭിരുചി വികസിപ്പിക്കൽ</u>

പ്രവർത്തനങ്ങൾ :- ഗണിത മേള ,ഗണിത ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക വർക്ക് ഷീറ്റ് തയാറാക്കുന്നു

കാലയളവ് :- ജൂൺ - മാർച്ച്

## സാമൂഹികാവബോധം

<u>ലക്ഷ്യം :- സാമൂഹിക ബോധം വളർത്തൽ</u>

പ്രവർത്തനങ്ങൾ :- പ്രാദേശിക തലത്തിലുള്ള ആളുകളുമായി ചർച്ചകൾ ,സംവാദങ്ങൾ നടത്തൽ ,ശില്പശാലകൾ സംഘടിപ്പിക്കൽ , സാമൂഹിക ബോധം വളർത്തുന്ന രീതിയിലുള്ള വിഡിയോകൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കൽ ,പൊതുസ്ഥാപനങ്ങളായ പോലീസ് സ്റ്റേഷൻ ,ആശുപത്രി ,പഞ്ചായത്ത്,പോസ്റ്റോഫീസ് എന്നിവയിലേക്ക് ഫീൽഡ്ട്രിപ് സംഘടിപ്പിക്കൽ

കാലയളവ് :- ജൂലൈ - ഫെബ്രുവരി

# I T

<u>ലക്ഷ്യം :- വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി</u>
പ്രയോജനപ്പെടുത്തൽ.

പ്രവർത്തനങ്ങൾ :- പാഠഭാഗവുമായി ബന്ധപ്പെട്ട ICT പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ ,അതിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

# പ്രവൃത്തിപരിചയം

<u>ലക്ഷ്യം :-നിർമാണകഴിവുകൾ വികസിപ്പിക്കുക</u>

പ്രവർത്തനങ്ങൾ :- പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ.ചവിട്ടി നിർമാണം,ചന്ദനത്തിരി നിർമാണം ,മരപ്പണി,ബുക്ക് ബൈൻഡിങ്,വെജിറ്റബിൾ പ്രിന്റിങ്,പപ്പറ്റ് നിർമാണം ,എന്നിവയിൽ പരിശീലനം ലഭിച്ച അധ്യാപകർ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.ഇവയുടെ പ്രദർശനം സംഘടിപ്പിക്കുന്നു.

# സർഗ്ഗവേള

<u>ലക്ഷ്യം :- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കൽ.</u>

പ്രവർത്തനങ്ങൾ :- ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ക്ലാസ്സിൽ സർഗ്ഗവേള നടത്തുന്നു.നൃത്തം,ചിത്രരചന എന്നിവയിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. മാസത്തിൽ ഒരു തവണ ബാലസഭ നടത്തുന്നു.എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.കുട്ടികളുടെ മികച്ച പ്രവർത്തനങ്ങൾ യൂട്യൂബ് ചാനൽ വഴി പങ്കുവക്കുന്നു.

കാലയളവ് :- ജൂൺ - മാർച്ച്

# കായികാരോഗ്യ വിദ്യാഭ്യാസം

ലക്ഷ്യം :- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പു വരുത്തൽ.

പ്രവർത്തനങ്ങൾ

- അത്‌ലറ്റിക് പരിശീലനം
- PT പിരീഡിൽ PHYSICAL EXERCISE
- വിവിധ തരം കളികളിൽ ഏർപ്പെടൽ
- ZUMBA DANCE പരിശീലനം

കാലയളവ് :- ജൂൺ - മാർച്ച്

## നിർവഹണ ചുമതല

1.സി.ഷെബി ചാലയ്ക്കൽ - HM

2.ശ്രീമതി ആൻസി കെ വി - SRG

3.സി. അഞ്ജു ജോർജ്

4. ശ്രീമതി സത്യ വി ജെ

5.ശ്രീമതി പ്രീമ പോൾ

6.ശ്രീമതി റിജോഷ്

7.സി.ജീവ ജോർജ്

8.സി.ഗിഫ്റ്റി പോൾ

9.PTA പ്രസിഡന്റ്

10.MPTA പ്രസിഡന്റ്

ഈ വർഷം ഞങ്ങളുടെ വിദ്യാലയത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പരിപാടികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| അക്ഷരങ്ങളുടെ വടിവും വേഗതയും വ്യക്തതയും വർദ്ധിപ്പിക്കൽ | എല്ലാ ദിവസവും രണ്ടു വര,നാലു വര കോപ്പി പുസ്തകത്തിൽ എഴുതിക്കുന്നു. | ജൂൺ - ഫെബ്രുവരി |
| അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | ഉച്ചയ്ക്ക് ശേഷം അക്ഷരമാല കാണിച്ചു ചിഹ്നങ്ങളുടെ ആംഗ്യം കാണിക്കുന്നു.കുട്ടികൾ ചിഹ്നം ചേർത്തു അക്ഷരത്തിന്റെ ഉച്ചാരണം പറയുന്നു. | ജൂൺ - മാർച്ച് |
| അക്ഷരം ഉറപ്പിക്കൽ, വായന,ലേഖനമെച്ചപ്പെടുത്തൽ | പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് കഴുത്തിലിടാൻ അക്ഷരടാഗ് തയാറാക്കി നൽകുന്നു .ആ അക്ഷരം ചേർത്തുള്ള പടങ്ങൾ ആ ദിവസം പറയുന്നു, എഴുതുന്നു. | ഓരോ ആഴ്ചയും ഓരോ അക്ഷരം വീതം. |
| ചിഹ്നം ഉറപ്പിക്കൽ | ഇടവേളകളിൽ അക്ഷരങ്ങൾ ചിഹ്ന പോക്കറ്റിലിട്ട് ചിഹ്നം ചേർത്തു വായിക്കുന്നു. | ജൂൺ - മാർച്ച് |
| പദബോധം | മലയാള പദങ്ങൾ ബോർഡിൽ ചിഹ്നം ചേർക്കാതെ നൽകുന്നു.കുട്ടികൾ ചിഹ്നം ചേർത്തു പരിചിത പദങ്ങൾ എഴുതുന്നു. | ജൂൺ - ഫെബ്രുവരി |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| ലോകപരിചയം,ചരിത്രബോധം എന്നിവ മെച്ചപ്പെടുത്തൽ | എല്ലാ ബുധനാഴ്ചകളിലും ഭാഷ, ഗണിതം, ശാസ്ത്രം ,കല , സാമൂഹ്യ മേഖലകളിലെ പ്രശസ്ത വ്യക്തികളെപ്പറ്റി വീഡിയോ കാണിക്കുന്നു. | ജൂൺ - ഫെബ്രുവരി |
| **MATHS**<br>സംഖ്യയെ തിരിച്ചറിഞ്ഞു വായിക്കുന്നതിന് | ചാർട്ടിൽ 1 -100 വരെയുള്ള സംഖ്യകൾ എഴുതി അതിൽ സംഖ്യയുടെ വെട്ടിയ ആകൃതി എടുത്തു വെച്ചു വായിക്കുന്നു. | ജൂൺ - ഫെബ്രുവരി |
| **ENGLISH**<br>പാഠത്തിലെ പ്രധാനപ്പെട്ട WORDS ,VERBS എന്നിവയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തൽ. | ഓരോ യൂണിറ്റിനും വേണ്ടി തയാറാക്കിയ verb-word-sentence cards ഗ്രൂപ്പിൽ വായിക്കുന്നു.ക്ലാസ് വായന. | ജൂൺ - ഫെബ്രുവരി |

അധ്യാപക ശാക്തീകരണം

ഈ അക്കാദമിക വർഷത്തിൽ അധ്യാപകർക്കായി നടത്തിയ അവധിക്കാല പരിശീലനത്തിൽ (may 22,23,25,26) ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും പങ്കെടുത്തു.

# പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

- സഹപാഠി സഹായ പഠനം
- ദിനംപ്രതി വായനാപരിശീലനം
- ചിത്രങ്ങൾ ,കളികൾ ,പ്രവർത്തനങ്ങൾ എന്നിവ ഉപയോഗിച്ച പഠനം
- ഗ്രൂപ്പ് പഠനം
- പിന്തുണ പുസ്തകത്തിൽ പഠനപുരോഗതി രേഖപ്പെടുത്തൽ
- രക്ഷാകർതൃ കൂടിക്കാഴ്ചയും നിർദ്ദേശവും
- ഓഡിയോ - വിഷ്വൽ പഠനസഹായങ്ങൾ ഉപയോഗിക്കൽ
- ഗണിതകളികൾ പ്രയോജനപ്പെടുത്തൽ
- ലളിതമായ സമ്മാനങ്ങൾ നൽകൽ

# ഉപസംഹാരം

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ സമഗ്ര വികസനവും പഠനനിലവാര മെച്ചപ്പെടുത്തലും ലക്ഷ്യമാക്കി തയാറാക്കിയതാണ് .പഠനപ്രവർത്തനങ്ങൾ ,കലാ - കായിക പരിപാടികൾ ,ക്ലബ് പ്രവർത്തനങ്ങൾ ,മൂല്യബോധ വികസനം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ സമന്വയിപ്പിച്ചുകൊണ്ട് ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ വളർത്തുന്നതിനുള്ള സമഗ്രമായ മാർഗ്ഗരേഖയായി ഈ പദ്ധതി പ്രവർത്തിക്കും.

അധ്യാപകർ,രക്ഷാകർത്താക്കൾ,വിദ്യാർത്ഥികൾ, പി.ടി.എ ,സ്കൂൾ മാനേജ്മെന്റ് എന്നിവരുടെ ഏകോപിത പ്രവർത്തനത്തിലൂടെ ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ വിജയകരമായി കൈവരിക്കാനാകുമെന്ന് പ്രത്യാശിക്കുന്നു.

സമയബന്ധിതമായ ആസൂത്രണം,ക്രമബദ്ധമായ പ്രവർത്തനം,സ്ഥിരമായ അവലോകനം എന്നിവയിലൂടെ ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുവാൻ ഈ മാസ്റ്റർ പ്ലാൻ സഹായകരമാകട്ടെ.